TUESDAY 26-04-2022 ചൊവ്വാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor : Sunilkumar R** **Editor : Dr Asha T T**



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-26/04/2022.

1. **ആസാദി കാ അമൃത് മഹോത്സവ് – കിസാൻ ഭാഗിദാരി പ്രാഥമികത ഹമാരി** എന്ന ക്യാംപയിന്റെ ഭാഗമായി തിരുവനന്തപുരം ആത്മയും കൃഷി വിജ്ഞാൻ കേന്ദ്രവും സംയുക്തമായി കിസാൻമേള സംഘടിപ്പിക്കുന്നു. ഇതിന്റെ ജില്ലാതല ഉദ്ഘാടനം ഇന്ന് (ഏപ്രിൽ 26) രാവിലെ 9 മണിക്ക് ഐ.സി.എ.ആർ കൃഷി വിജ്ഞാൻ കേന്ദ്ര മിത്രനികേതൻ, സിറ്റി സെന്ററിൽ ഗതാഗതവകുപ്പ് മന്ത്രി ആന്റണി രാജുവിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി ജി.ആർ. അനിൽ നിർവഹിക്കും. ഇതിനോടനുബന്ധിച്ച് **ഞങ്ങളും കൃഷിയിലേക്ക്** പദ്ധതിയുടെ ബോധവത്ക്കരണം, പ്രകൃതിദത്ത കൃഷി, കാർഷിക യന്ത്രവൽക്കരണം, ഉത്തമ കൃഷി മുറകൾ, നൂതനസാങ്കേതികവിദ്യകൾ എന്നിവ ആസ്പദമാക്കിയുള്ള പ്രദർശനം, ശാസ്ത്രജ്ഞ മുഖാമുഖം, ജില്ലാതലത്തിൽ മികച്ച കർഷകരെ ആദരിക്കൽ എന്നിവ സംഘടിപ്പിച്ചിരിക്കുന്നു.

2. **ആസാദി കാ അമൃത് മഹോത്സവ് – കിസാൻ ഭാഗിദാരി പ്രാഥമികത ഹമാരി** എന്ന ക്യാംപയിന്റെ ഭാഗമായി ആത്മ പത്തനംതിട്ടയും, പത്തനംതിട്ട കൃഷി വിജ്ഞാന കേന്ദ്രവും സംയുക്തമായി ജില്ലാതല കിസാൻമേള സംഘടിപ്പിക്കുന്നു. ഇതിന്റെ ഭാഗമായുള്ള **കിസാൻ ഭാഗിദാരി പ്രാഥമികത ഹമാരി** ക്യാമ്പയിന്റെ ഉദ്ഘാടനം ഇന്ന് (ഏപ്രിൽ 26) രാവിലെ 10 മണിക്ക് പുല്ലാട് ബ്ലോക്കിൽ തെള്ളിയൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന കൃഷി വിജ്ഞാൻ കേന്ദ്രത്തിൽ വച്ച് എം.പി ആന്റോ ആന്റണിയും കിസാൻ മേളയുടെ ഉദ്ഘാടനം റാന്നി എം.എൽ.എ അഡ്വ. പ്രമോദ് നാരയണും നിർവഹിക്കും. ഇതിനോടനുബന്ധിച്ച് **ഞങ്ങളും കൃഷിയിലേക്ക്** പദ്ധതിയുടെ ബോധവത്ക്കരണം, പ്രകൃതിദത്ത കൃഷി, കാർഷിക യന്ത്രവൽക്കരണം, ഉത്തമ കൃഷി മുറകൾ, നൂതനസാങ്കേതികവിദ്യകൾ എന്നിവ ആസ്പദമാക്കിയുള്ള പ്രദർശനം, ശാസ്ത്രജ്ഞരുമായി മുഖാമുഖം, ജില്ലാതലത്തിലെ മികച്ച കർഷകരെ ആദരിക്കൽ എന്നിവ സംഘടിപ്പിച്ചിരിക്കുന്നു.

3. പാലക്കാട് കൃഷി വിജ്ഞാന കേന്ദ്രവും ആത്മയും സംയുക്തമായി ഏകദിന കിസാൻ മേള പട്ടാമ്പി കൃഷി വിജ്ഞാന കേന്ദ്രത്തിൽ വെച്ച് ഇന്ന് (ഏപ്രിൽ 26) നടത്തുന്നു. മേളയോടനുബന്ധിച്ച് കാർഷിക പ്രദർശനവും, സെമിനാറും കർഷക ശാസ്ത്രജ്ഞരുമായി മുഖാമുഖവും സംഘടിപ്പിക്കുന്നു. കാർഷിക

സെമിനാറിലും മുഖാമുഖം പരിപാടിയിലും പങ്കെടുക്കാൻ താൽപ്പര്യമുള്ള കർഷകർ ഇന്ന് രാവിലെ 9 മണിക്ക് കൃഷി വിജ്ഞാന കേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കാർഷിക പ്രദർശനം രാവിലെ 9 മണി മുതൽ 5 മണി വരെ ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0466 2212279, 2912008** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ വിതരണ - വിപണന ശൃംഖലകളുടെ വിപുലീകരണവുമായി ബന്ധപ്പെട്ട വിവിധ സംരംഭങ്ങളുടെ ഉദ്ഘാടനം നാളെ (ഏപ്രിൽ 27) മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി ഓൺലൈനായി നിർവഹിക്കും.

5. ഉള്ളൂർ സ്റ്റേറ്റ് സീഡ് ഫാമിലെ 6 മുട്ടനാടുകളെ ഈ മാസം 28-ന് (ഏപ്രിൽ മാസം 28) പകൽ 11 മണിക്ക് പരസ്യലേലം വഴി വിൽപ്പന നടത്തുന്നു. ലേലത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ഏപ്രിൽ 18-ന് രാവിലെ 10.30 നു മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതും 1000 രൂപ നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതുമാണ് കൂടുതൽ വിവരങ്ങൾ പ്രവർത്തി സമയങ്ങളിൽ ഓഫീസിൽ നിന്നും നേരിട്ട് അറിയാവുന്നതാണ്.

6. കേരള സംസ്ഥാന പൗൾട്രി വികസന കാർപ്പറേഷനിൽ നിന്നും ഉത്പാദിപ്പിക്കുന്ന ഒരു ദിവസം പ്രായമുള്ള ബി.വി-380 ഇനത്തിൽപ്പെട്ട മുട്ടക്കോഴികൾ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **9495000919 (മാള), 9495000923 (കൊട്ടിയം), 9495000915, 9495000918 (തിരുവനന്തപുരം)** എന്നീ ഫോൺ നമ്പരുകളിൽ രാവിലെ 10 മണി മുതൽ 5 മണി വരെയുള്ള സമയങ്ങളിൽ ബന്ധപ്പെടുക.

7. കേന്ദ്ര കർഷകക്ഷേമ മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന നാളികേര വികസന ബോർഡും ഫെഡറേഷൻ ഓഫ് ഇൻഡ്യൻ ചേംബർ ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രിയുമായി ചേർന്ന് നാളികേരാധിഷ്ഠിത ഉൽപന്നങ്ങളുടെ വെർച്വൽ വ്യാപാരമേള ഇന്നു മുതൽ 28 വരെ (ഏപ്രിൽ 26 മുതൽ 28 വരെ) നടത്തുന്നു. നാളികേരാധിഷ്ഠിത ഭക്ഷ്യോല്പന്നങ്ങൾ മധുര പലഹാരങ്ങൾ, പാനീയങ്ങൾ മുതൽ ഭക്ഷ്യേതര ഉൽപന്നങ്ങളും മേളയിൽ പ്രദർശിപ്പിക്കും. മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് ഏറ്റവും പുതിയ നാളികേര ഉൽപന്നങ്ങളെ പരിചയപ്പെടുത്തൽ, നാളികേര ഉല്പന്നങ്ങൾ വാങ്ങാനുള്ള ക്രമീകരണം, വിൽക്കുന്നവരും വാങ്ങുന്നവരും തമ്മിൽ മുഖാമുഖം, വ്യാപാര അന്വേഷണങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ള സന്ദർശകർ തമ്മിൽ കൂടിക്കാഴ്ച, അന്വേഷണങ്ങൾ സുഗമമാക്കാൻ ബിസിനസ്സ് അന്വേഷണ ഫോമുകൾ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

തുടങ്ങി മേഖലയിലെ വ്യാപാരികൾക്കും നിർമ്മാതാക്കൾക്കും വെർച്വൽ വ്യാപാര മേളയിൽ വിവിധ സേവനങ്ങളാണ് ഒരുക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് **0484-4058041/42, 9746903555** എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

**പരിശീലന പരിപാടികൾ**

8. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 28-ന് (ഏപ്രിൽ 28) രാവിലെ 11 മണി മുതൽ **പാലിൽ നിന്നുളള മൂല്യവർദ്ധിത പാലുത്പന്നങ്ങൾ-മിൽക്ക് ചോക്ലേറ്റ് & മിൽക്ക് ലഡു** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് മുഖേന ഓൺലൈൻ പരിശീലനം നടത്തുന്നു. താത്പര്യമുളളവർ ഈ മാസം 28-ന് വൈകിട്ട് 5 മണി വരെ **0476-2698550** എന്ന ഫോൺ നമ്പരിൽ വിളിച്ചോ **8075028868** എന്ന വാട്ട്സാപ്പ് നമ്പരിലേക്ക് പേരും മേൽവിലാസവും അയച്ചു നൽകിയോ പരിശീലനത്തിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്. xqw-jqat-weh എന്നതാണ് ഗൂഗിൾമീറ്റ് ലിങ്ക്.

9. തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിലെ പോസ്റ്റ്ഹാർവെസ്റ്റ് ടെക്നോളജി വിഭാഗത്തിൽ വച്ച് **പഴം - പച്ചക്കറിസംസ്കരണം** എന്ന വിഷയത്തിൽ ഒരു ഏകദിന പരിശീലനപരിപാടി ഇന്ന് **(26.4.2022)** നടത്തുന്നു. 500/- രൂപയാണ് രജിസ്ട്രേഷൻ ഫീസ്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പരമാവധി 20 പേർക്കാണ് പ്രവേശനം നൽകുന്നത്. താല്പര്യമുള്ളവർ **9447281300** എന്ന നമ്പറിൽ ബന്ധപ്പെടുക.

10. ഷീറ്റുറബ്ബർസംസ്കരണത്തിലും ഗുണമേന്മാപാലനത്തിലും റബ്ബർബോർഡ് ഏപ്രിൽ 27 മുതൽ 29 വരെ പരിശീലനം നടത്തുന്നു. **റബ്ബർപാലിന്റെ ഘടന, ഷീറ്റുറബ്ബർസംസ്കരണം, തരംതിരിക്കൽ, റബ്ബർപാലിന്റെ സാന്ദ്രീകരണം, ബ്ലോക്കുറബ്ബർ, എസ്റ്റേറ്റ് ബ്രൗൺ ക്രീപ്പ്, പെയിൽ ലാറ്റക്സ് ക്രീപ്പ്, സെനക്സ്, ഗുണമേന്മാപാലനം, എഫ്ളൂവന്റ് ട്രീറ്റ്മെന്റ്, പൊല്യൂഷൻ കൺട്രോൾ** എന്നിവയാണ് കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വച്ച് നടക്കുന്ന പരിശീലനത്തിലെ വിഷയങ്ങൾ. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പറിലോ **04812353201** എന്ന വാട്സ്ആപ്പ് നമ്പറിലോ training@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.